# തത്ത്വചിന്ത

സകല കാര്യങ്ങളെക്കുറിച്ചും മനുഷ്യൻ സ്വതന്ത്രമായും നിർഭയമായും ചിന്തിച്ച കാലം, എന്ന് ഇസ്‌ലാമിക നാഗരികതയുടെ സുവർണദശയെ തത്ത്വചിന്താ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നു. അരിസ്റ്റോട്ടലിയൻ തത്ത്വചിന്ത മുസ്‌ലിം ദാർശനികരുടെ ലഹരിയായി മാറി. മുഅ്തസിലീ-അശ്അരീ ദൈവശാസ്ത്ര സംവാദവും തത്ത്വചിന്താപരമായ മാനങ്ങളുള്ളതായിരുന്നു. യഅ്ഖൂബുബ്നു ഇസ്ഹാഖൽ കിന്ദി(ക്രി. 803-871)യാണ് മുസ്‌ലിം ലോകത്തെ പ്രഥമ ദാർശനികൻ. അബ്ബാസീ ഖലീഫഃ മഅ്മൂന്റെ സദസ്യനായിരുന്ന കിന്ദി അരിസ്റ്റോട്ടലിന്റെ കൃതികളുടെ സംഗ്രഹം അറബിയിൽ തയ്യാറാക്കി. ടോളമിയുടെയും യൂക്ലിഡിന്റെയും ഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ചു. ഗണിതം, ജ്യാമിതി, ഗോളശാസ്ത്രം, അന്തരീക്ഷ ശാസ്ത്രം, രാഷ്ട്രതന്ത്രം, സംഗീതം, വൈദ്യം, തത്ത്വചിന്ത തുടങ്ങി അനേകം വിഷയങ്ങളിൽ 256 നിബന്ധങ്ങൾ കിന്ദി രചിച്ചിട്ടുണ്ട്. ഗണിതശാസ്ത്രം അറിയാത്തവന് ദാർശനികനാവാൻ കഴിയില്ല എന്ന പ്ലാറ്റോയുടെ അഭിപ്രായത്തോട് കിന്ദിയും യോജിച്ചു. പ്രകാശ ശാസ്ത്രത്തെക്കുറിച്ച കിന്ദിയുടെ ഗ്രന്ഥം ഉപജീവിച്ചാണ് റോജർ ബേക്കൺ തദ്വിഷയകമായി എഴുതിയത്.

തുർകിസ്താനിലെ ഫാറാബ് ഗ്രാമത്തിൽ ജനിച്ച മുഹമ്മദ് അബൂനസ്റിൽ ഫാറാബി (ക്രി. 872-950) മുസ്‌ലിംലോകത്തെ ദ്വിതീയ തത്ത്വജ്ഞാനി എന്നറിയപ്പെടുന്നു. അദ്ദേഹത്തിന്റെ 39 രചനകൾ അവശേഷിച്ചിട്ടുണ്ട്. അവയിൽ അധികവും അരിസ്റ്റോട്ടലിന്റെ വിവിധ ആശയങ്ങളുടെ വ്യാഖ്യാനമാണ്. ഫാറാബിയുടെ *ശാസ്ത്ര വിജ്ഞാനകോശം* (*ഇഹ്സ്വാഉൽ ഉലൂം*) അക്കാലത്തറിയപ്പെട്ട മുഴുവൻ വിജ്ഞാന ശാഖകളെക്കുറിച്ചും സംക്ഷിപ്തമായി വിവരിക്കുന്ന ഗ്രന്ഥമാണ്. മൂന്നു നൂറ്റാണ്ടിനുശേഷം ദൈവാസ്തിക്യം സ്ഥാപിക്കാൻ മധ്യകാല ക്രൈസ്തവ തത്ത്വജ്ഞാനിയായ തോമസ് അക്വിനാസിന് ഉപകരിച്ചത് ഫാറാബിയുടെ വിശദീകരണങ്ങളാണ്. ഉദാഹരണമായി അദ്ദേഹത്തിന്റെ *അൽമദീനതുൽ ഫാദിലഃ* (മാതൃകാനഗരം) എന്ന കൃതി തന്നെ മതിയെന്ന് നിരൂപകർ ചൂണ്ടിക്കാട്ടുന്നു.

ഫാറാബിയുടെ ഒരു ശിഷ്യൻ ഏകദേശം 970-ൽ ബഗ്ദാദിൽ 'സിജിസ്താനി സമാജം' എന്ന പേരിൽ ഒരു തത്ത്വശാസ്ത്ര ചർച്ചാ വേദിക്കു രൂപം നല്കി. ഏതു മതക്കാർക്കും ദേശക്കാർക്കും ഇതിൽ അംഗത്വം നല്കിയിരുന്നു. തർക്കശാസ്ത്രത്തിലും ജ്ഞാന സിദ്ധാന്തത്തിലുമായിരുന്നു ഇവർ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചിരുന്നത്. ബസ്റഃ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മറ്റൊരു ദാർശനിക സംഘമാണ് ഇഖ്വാനുസ്സ്വഫാ. തത്ത്വചിന്തയിൽ തീവ്രമായി അഭിരമിച്ച ഒരു നിഗൂഢ സംഘമായിരുന്നു ഇത്. 1134 പേജുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് ഇഖ്വാനുസ്സ്വഫായുടെ 51 വൈജ്ഞാനിക നിബന്ധങ്ങൾ. 1000 വർഷം മുമ്പ് (ക്രി. 1000) സമീപ പൗരസ്ത്യ ദേശത്തുകൂടെ സഞ്ചരിച്ച ഒരു സ്പാനിഷ് മുസ്‌ലിം സഞ്ചാരിയാണ് ഈ നിബന്ധങ്ങൾ കണ്ടെടുത്തു സംരക്ഷിച്ചത്.

ഇബ്നുസീനാ (980-1037) വൈദ്യശാസ്ത്രത്തിലെ അതുല്യ പ്രതിഭയായാണ് ഏറെ അറിയപ്പെടുന്നത്. തത്ത്വചിന്തയിലൂടെയേ ശാസ്ത്രത്തിനു പൂർണത ലഭിക്കൂ എന്ന് ഇബ്നുസീനാ മനസ്സിലാക്കി. അരിസ്റ്റോട്ടലിന്റെ *മെറ്റാഫിസിക്സ്* 40 തവണ താൻ വായിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. ഈ 40 തവണയും മനസ്സിലാവാതെയാണത്രെ വായിച്ചത്. പിന്നീട് ഫാറാബിയുടെ വ്യാഖ്യാനത്തിന്റെ സഹായത്താലാണ് അതു മനസ്സിലാക്കിയതെന്നും ഇബ്നുസീനാ പറയുന്നു. മനസ്സിലായ സന്തോഷത്തിൽ തെരുവിലേക്കോടി ധർമം ചെയ്തു. *കിതാബുശ്ശിഫാ*യിൽ ഇബ്നുസീനാ തന്റെ തത്ത്വശാസ്ത്ര വിചാരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ സംഗ്രഹമാണ് തന്റെ *നജാത്* എന്ന കൃതി. ഇബ്നുസീനാ പാശ്ചാത്യലോകത്ത് അവിസെന്ന എന്നറിയപ്പെടുന്നു. റോജർ ബേക്കൺ അവിസെന്നയെ വിശേഷിപ്പിച്ചത് "അരിസ്റ്റോട്ടലിനുശേഷമുള്ള തത്ത്വചിന്തയിലെ പ്രധാന ആചാര്യൻ"എന്നാണ്. തോമസ് അക്വിനാസ് പ്ലാറ്റോയ്ക്കു നല്കിയ അത്രയും ബഹുമാനം അവിസെന്നയ്ക്കും കല്പിച്ചിരുന്നു.

യവന തത്ത്വശാസ്ത്രത്തെ ഇസ്‌ലാമികാധ്യാപനങ്ങളുടെ ഉരകല്ലിൽ മാറ്റുരച്ച ദാർശനിക പ്രതിഭയാണ് ഇമാം ഗസ്സാലി (1049-1111). തത്ത്വചിന്തകരെ അദ്ദേഹം ഭൗതിക വാദികൾ (ദഹ്രിയ്യൂൻ), പ്രകൃതിവാദികൾ (ത്വബഇയ്യൂൻ), ആസ്തിക്യ വാദികൾ (ഇലാഹിയ്യൂൻ) എന്നിങ്ങനെ വർഗീകരിച്ചു. തത്ത്വചിന്തയുടെ ശാഖകളെ ആറായി തരംതിരിച്ചാണ് ഗസ്സാലി പരിശോധിച്ചത്. ഗണിതശാസ്ത്രം, തർക്കശാസ്ത്രം, ഭൗതികം, അതിഭൗതികശാസ്ത്രം, രാഷ്ട്രതന്ത്രം, ധർമമീമാംസ എന്നിങ്ങനെ. മതവിഷയങ്ങളുടെ അപഗ്രഥനത്തിൽ തത്ത്വചിന്തയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയുണ്ടായി ഗസ്സാലി. മധ്യകാല ക്രൈസ്തവ ദൈവശാസ്ത്രം ഗസ്സാലിയോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. പല ക്രൈസ്തവ പുരോഹിതന്മാരും ധരിച്ചിരുന്നത് ഗസ്സാലി ഒരു ക്രൈസ്തവ പണ്ഡിതനാണ് എന്നായിരുന്നുവത്രെ. അരിസ്റ്റോട്ടലിയൻ ദർശന പദ്ധതിയുടെ വിമർശകനായിരുന്നു ഗസ്സാലി. 'തത്ത്വശാസ്ത്രത്തിന്റെ പരാജയം' (*തഹാഫുതുൽ ഫലാസിഫഃ*) എന്ന ഗസ്സാലീ കൃതി യവന ചിന്തയെ ഖണ്ഡിക്കുന്നു.

ഇബ്നുറുശ്ദ് (1126-1198) ആണ് തത്ത്വചിന്തയെ പില്ക്കാലത്ത് പുനരുജ്ജീവിപ്പിച്ചത്. ഗസ്സാലിയുടെ *തഹാഫുതുൽ ഫലാസിഫഃ*ക്ക് ഇബ്നു റുശ്ദ് രചിച്ച പുനരാഖ്യാനമാണ് *തഹാഫുതുത്തഹാഫുത്.* അരിസ്റ്റോട്ടലിയൻ വാദങ്ങളെ സ്ഥാപിക്കുകയാണ് ഇബ്നുറുശ്ദ് ചെയ്തത്.

ഇബ്നുബാജ്ജ, ഇബ്നുത്വുഫൈൽ, ഇബ്നുമിസ്കവൈഹി, ഇബ്നുൽഹൈഥം, ഉമർ ഖയ്യാം, ഇബ്നുഖൽദൂൻ എന്നിവരും ഇസ്‌ലാമിക നാഗരികത ജന്മം നല്കിയ ചിന്തകരുടെ ശ്രേണിയിൽ വരുന്നു. അറബ് ഇസ്‌ലാമിക ലോകത്തെ ഇനിയും വായിക്കപ്പെടുകയോ കാറ്റലോഗ് ചെയ്യപ്പെടുക പോലുമോ ചെയ്തിട്ടില്ലാത്ത വൻ ഗ്രന്ഥശേഖരങ്ങളിൽ തത്ത്വചിന്തയുടെ ഒരു മഹാലോകം ഉറങ്ങിക്കിടക്കുന്നതായി വിൽഡ്യൂറന്റ് പറയുന്നുണ്ട്. ഇസ്‌ലാമിക തത്ത്വചിന്തയെക്കുറിച്ച ചർച്ച വിൽഡ്യൂറന്റ് ഉപസംഹരിക്കുന്നതിങ്ങനെയാണ്:

**"What we know of moslem thought in those centuries is a fragment of what survives, what survives is a fragment of what was produced; what appears in these pages is a mersel of a fraction of a fragment."**

(ആ നൂറ്റാണ്ടുകളിലെ മുസ്‌ലിം ചിന്തയെക്കുറിച്ച നമ്മുടെ അറിവ് യഥാർഥത്തിൽ ശേഷിക്കുന്നതിന്റെ ഒരു തുണ്ട് മാത്രമാണ്. ഉണ്ടായിരുന്നതിന്റെ ഒരു തുണ്ട് മാത്രമാണ് ശേഷിക്കുന്നത്. അപ്പോൾ ഈ പേജുകളിൽ പ്രതിപാദിച്ച കാര്യങ്ങൾ ഒരു തുണ്ടിന്റെ കഷണത്തിൽനിന്നെടുത്ത ചെറിയ ഒരുരുള മാത്രം!)

അർധ വിസ്മൃതമായ ഇസ്‌ലാമിക ചിന്താ പൈതൃകത്തെക്കുറിച്ചു കൂടുതൽ ഗവേഷണം ചെയ്യുകയാണെങ്കിൽ മനുഷ്യ ചിന്തയുടെ ചരിത്രത്തിലെ സുവർണ ദശ എന്ന പദവി ഇസ്‌ലാമിന്റെ 10-ാം നൂറ്റാണ്ടിനായിരിക്കുമെന്നും വിൽഡ്യൂറന്റ് നിരീക്ഷിക്കുന്നു.